# ആൾദൈവങ്ങളുടെ രതിവ്യാപാരം

**ആൾദൈവങ്ങളെ** ചുറ്റിപ്പറ്റിയുള്ള എണ്ണമറ്റ ലൈംഗികാപവാദങ്ങളാണ് നാട്ടിൽ പാട്ടായിരിക്കുന്നത്. കഴിഞ്ഞ മാർച്ചിൽ പുറത്തുവന്ന രണ്ട് അപവാദങ്ങൾ സംസ്കാരബോധമുള്ള ആരെയും ഞെട്ടിക്കുന്നതാണ്. സാധാരണക്കാരിൽ മൂല്യബോധവും സദാചാര ശീലവും വളർത്തേണ്ടത് മതപ്രബോധകരും സാംസ്കാരിക പ്രവർത്തകരുമാണ്. അവരുടെയും ആചാര്യന്മാരാണ് പുരോഹിതരും സന്യാസികളും സിദ്ധന്മാരും. ഇക്കൂട്ടരുടെ മൂല്യബോധവുംസദാചാര നിലവാരവും സാധാരണക്കാർക്ക് പോലും നോക്കെത്താത്തത്ര അടിത്തട്ടിലേക്കാണ്ടുപോയാലോ?! ആ ദുരന്തത്തെയാണ് പുതിയ സംഭവവികാസങ്ങൾ വിളിച്ചോതുന്നത്.

ലക്ഷക്കണക്കിന് ഭക്തന്മാരുള്ള, ജീവിച്ചിരിക്കുന്ന ദൈവമായ നിത്യാനന്ദ സ്വാമി ഒരു സിനിമാ നടിയുമായി ആനന്ദം പങ്കിടുന്ന അശ്ലീല ദൃശ്യങ്ങളാണ് ഈയിടെ ചില ടി.വി ചാനലുകൾ സംപ്രേഷണം ചെയ്തത്. ബംങ്കളുരുവിനടുത്ത് ബിഡതിയിലാണ് നിത്യാനന്ദയുടെ ആശ്രമം. 2003–ൽ അന്നത്തെ കർണാടക മുഖ്യമന്ത്രി എസ്.എം കൃഷ്ണയാണ് ആശ്രമം സ്ഥാപിക്കാൻ ഒമ്പത് ഏക്കർ സർക്കാർഭൂമി നിത്യാനന്ദക്ക് പതിച്ചുകൊടുത്തതും ധ്യാനകേന്ദ്രം ഉദ്ഘാടനം ചെയ്തതും. കൃഷ്ണക്ക് പുറമെ ഇപ്പോഴത്തെ മുഖ്യമന്ത്രി യദിയൂരപ്പയുൾപ്പെടെയുള്ള നിരവധി മന്ത്രിമാരും ഗവർണർമാരും ഇടക്കിടെ നിത്യാനന്ദയെ സന്ദർശിച്ച് അനുഗ്രഹം വാങ്ങാറുണ്ട്. ഭക്തന്മാരിൽ വൻകിട മുതലാളിമാരും ധാരാളം. തങ്ങളുടെ സകല സമ്പത്തും ആശ്രമത്തിനർപ്പിച്ച് അവിടത്തെ അന്തേവാസികളായി നിത്യാനന്ദം നുകർന്ന് കഴിയുന്ന ധനിക വിധവകൾ നൂറുകണക്കിനുണ്ടത്രെ. അഞ്ചാറു കൊല്ലം കൊണ്ട് നിത്യാനന്ദയുടെ ധ്യാനകേന്ദ്രത്തിന് കർണാടകയുടെ ഇതര ഭാഗങ്ങളിലും തമിഴ്നാട്ടിലും പോണ്ടിച്ചേരിയിലുമായി നാൽപതോളം ശാഖകളുണ്ടായതിൽ അത്ഭുതപ്പെടാനെന്തുള്ളൂ! സ്വാമി ഇപ്പോൾ ഒളിവിൽ പോയിരിക്കുകയാണ്.

ദൽഹിയിൽ പോലീസിന്റെ പിടിയിലായ ചിത്രകൂടുകാരൻ ശിവ്മുരാഡ് ദ്വിവേദി എന്ന ഇഛാധാരിസന്ദ് സ്വാമി ഭീമാനന്ദ് ജി മഹരാജ് ചിത്രകൂട് വാലെയും ഒട്ടും മോശക്കാരനല്ല. ഈ ആൾദൈവം നൽകുന്ന ഭീമാനന്ദം തേടി സ്വദേശികൾ മാത്രമല്ല വിദേശങ്ങളിൽനിന്നും ധാരാളം നേതാക്കളും വൻകിട മുതലാളിമാരും എത്താറുണ്ടായിരുന്നു. ചില ഹിന്ദി പത്രങ്ങളിൽ ആഴ്ചതോറും ഭക്തർക്കനുഗ്രഹം ചൊരിയുന്ന ലേഖനങ്ങളെഴുതുകയും ചെയ്തിരുന്നു ഈ സ്വാമി. ലേഖനങ്ങളുടെ ദാർശനികമാനം വിശദീകരിക്കാൻ ഒരു സംഘം വിദഗ്ധരും അദ്ദേഹത്തോടൊപ്പമുണ്ടത്രെ. നിത്യാനന്ദക്ക് സംഭവിച്ചപോലെ അടുത്ത ശിഷ്യന്മാർ വല്ലവരും ഒറ്റുകൊടുത്തിട്ടോ എന്തോ ദൽഹി പോലീസിൽ സ്വാമിയെ കുറിച്ച് സംശയങ്ങളുയർന്നു. അന്വേഷണത്തിൽ പോലീസിനു ലഭിച്ച വിവരങ്ങളുടെ രത്നച്ചുരുക്കം: ചിത്രകൂടുകാരൻ ശിവ് മുരാഡ് ദ്വിവേദി ദൽഹിയിലെ ഒരു ഹോട്ടലിൽ കാവൽക്കാരനായിരുന്നു. പിന്നീട് ഒരു മസാജ് കേന്ദ്രത്തിൽ തിരുമ്മുകാരനായി. ഒപ്പം കൂട്ടിക്കൊടുപ്പ് പണിയും ചെയ്തു. അതിന്റെ പേരിൽ 1997–ലും '98ലും ദ്വിവേദിയെ പോലീസ് പിടികൂടിയിട്ടുണ്ട്. അതേത്തുടർന്നാണ് താടിയും മുടിയും നീട്ടി ആൾദൈവമായി അവതരിച്ചത്. ദിനേന സ്വാമിക്ക് ഭക്തന്മാർ പെരുകിവന്നു. സ്വാമിയുടെ പാദനമസ്കാരം ചെയ്യാൻ രാഷ്ട്രീയനേതാക്കളും ഓടിയെത്തി. പിന്നെ പടുകൂറ്റൻ ക്ഷേത്രം, ആശുപത്രി അങ്ങനെ വളർന്നു പന്തലിച്ചു. പക്ഷേ, ഭക്തജനങ്ങളിൽനിന്നുള്ള സംഭാവനകളെക്കാളേറെ സ്വാമിക്ക് വരുമാനം കൂട്ടിക്കൊടുപ്പിൽനിന്നായിരുന്നു. രണ്ടായിരത്തിലേറെ കാൾഗേൾസുള്ള സെക്സ് റാക്കറ്റാണ് സ്വാമി നടത്തിയിരുന്നത്. ആരും ചില്ലറക്കാരല്ല. സൊസൈറ്റി ലേഡികൾ, ഉദ്യോഗസ്ഥകൾ, കോളേജ് വിദ്യാർഥിനികൾ, എയർ ഹോസ്റ്റസുകൾ, സിനിമാ നടിമാർ തുടങ്ങിയവർ. ഇടപാടുകാരും അതുപോലെ, ഉന്നതരായ നേതാക്കളും ഉദ്യോഗസ്ഥന്മാരും മുതലാളിമാരും തന്നെ. ഒരു രാത്രി അന്തിക്കൂട്ട് നൽകാൻ പതിനായിരം മുതൽ മുപ്പതിനായിരം വരെയാണ് സ്വാമി ഈടാക്കിയിരുന്നത്. മോഹന വാഗ്ദാനങ്ങൾ നൽകി പ്രലോഭിപ്പിച്ചും

ചതിയിൽപെടുത്തിയുമാണ് ഭീമാനന്ദ തന്റെ റാക്കറ്റിൽ സ്ത്രീകളെ ചേർത്തിയിരുന്നതെന്നും പോലീസ് കണ്ടെത്തി.

ഇതൊന്നും ഒറ്റപ്പെട്ട ഉദാഹരണങ്ങളല്ല. അനേകം ക്രൈസ്തവ-ഹൈന്ദവ ധ്യാനകേന്ദ്രങ്ങളെക്കുറിച്ച് ഇത്തരം ആരോപണങ്ങളുയർന്നുവന്നിട്ടുണ്ട്. ക്രൈസ്തവ പുരോഹിതന്മാരുടെ ലൈംഗിക പീഡനങ്ങളെ ചൊല്ലി സഭ തന്നെ മാപ്പു പറയേണ്ടിവന്നു. കേരളത്തിലെ പ്രമാദമായ അഭയ കേസിലും നാറുന്നത് പുരോഹിതന്മാരുടെ അനാശാസ്യമാണ്. കേരളത്തിലെ സന്തോഷ് മാധവന് ഇനിയും ജാമ്യം പോലും ലഭിച്ചിട്ടില്ല. തമിഴ്നാട്ടിൽ കാമകോടിപീഠം ശങ്കരാചാര്യ ഉൾപ്പെട്ട കേസും മറക്കാറായിട്ടില്ല. ആൾദൈവങ്ങളുടെ ആഭാസ നടപടികൾക്കെതിരെ അർഹിക്കുന്ന ഗൗരവത്തിലുള്ള ബഹുജനാഭിപ്രായം ഉയർന്നു വരുന്നില്ല എന്നത് ആശങ്കാജനകമായ അവസ്ഥയാണ്. ആളുകൾ ഒരു തമാശയായി ആസ്വദിക്കുകയാണതൊക്കെ. മിക്ക ആൾദൈവങ്ങൾക്കു പിന്നിലും രാഷ്ട്രീയക്കാരും പണക്കാരുമുണ്ട്. ശങ്കരാചാര്യരുമായി ബന്ധപ്പെട്ട കേസിൽ ബി.ജെ.പി പ്രത്യക്ഷമായിത്തന്നെ രംഗത്തുവരികയുണ്ടായി. ഒരു വശത്ത്, രാജ്യത്ത് ലൈംഗികാതിക്രമങ്ങളും അരാജകത്വവും വളർന്നു വരുന്നതിനെച്ചൊല്ലി വിലപിക്കുക. മറുവശത്ത് സമൂഹത്തിന്റെ മേലേ തട്ടുകളിൽ നടമാടുന്ന അശ്ലീലകേളികൾ കണ്ടും കേട്ടും ആസ്വദിക്കുക. ഇതെവിടെയാണ് രാജ്യത്തെ കൊണ്ടുചെന്നെത്തിക്കുക?

സന്യാസിമാരെയും പുരോഹിതന്മാരെയും ലൈംഗികാഭാസങ്ങളിൽ ചാടിക്കുന്ന ഘടകങ്ങളിൽ പ്രധാനമായ ഒന്ന് ബ്രഹ്മചര്യ സങ്കൽപമാണ്. ആത്മീയ ഔന്നത്യത്തിന്റെയും വിശുദ്ധിയുടെയും ചിഹ്നമായി അവതരിപ്പിക്കപ്പെടുന്ന ബ്രഹ്മചര്യം യഥാർഥത്തിൽ സകലവിധ തട്ടിപ്പുകൾക്കും ചൂഷണങ്ങൾക്കുമുള്ള മറയായി ഉപയോഗിക്കുകയാണ് ചിലർ. ആത്മീയ ഔന്നത്യവും വിശുദ്ധിയും നേടാൻ ബ്രഹ്മചര്യമോ സന്യാസമോ ആവശ്യമില്ല. ശ്രീരാമനും ശ്രീകൃഷ്ണനും ബ്രഹ്മചാരികളായിരുന്നില്ല. യൗവനദശയിൽതന്നെ ഇഹലോകവാസം വെടിഞ്ഞ യേശു മിശിഹ വിവാഹം കഴിച്ചതായി അറിയുന്നില്ല. എന്നാൽ അദ്ദേഹം ആർക്കും വിവാഹം വിലക്കിയിട്ടുമില്ല. സന്യാസത്തെയും ബ്രഹ്മചര്യത്തെയും ഖണ്ഡിതമായ ഭാഷയിൽ നിരാകരിച്ച പ്രവാചകനാണ് മുഹമ്മദ് നബി. സംസാര ജീവിതത്തിൽ നിന്നൊളിച്ചോടിയല്ല, അതിൽ ആവും വണ്ണം ഇടപെട്ടുകൊണ്ടാണ് മനുഷ്യൻ ആത്മ വിശുദ്ധിയും ഔന്നത്യവും നേടേണ്ടത്. ദാമ്പത്യം മനുഷ്യപ്രകൃതിയുടെ താൽപര്യമാണ്. നിലനിൽപിന്റെ ആധാരമാണ്. പ്രകൃതിയെ അടിച്ചമർത്താൻ ശ്രമിച്ചാൽ വിജയിക്കുക എളുപ്പമല്ല. സന്യാസത്തെയും പൗരോഹിത്യത്തെയും കുറിച്ച് അല്ലാഹു പറഞ്ഞു: "അവർ ആവിഷ്കരിച്ച സന്യാസമോ, അത് നാം അവർക്ക് വിധിച്ചിട്ടുള്ളതല്ല. ദൈവപ്രീതി കാംക്ഷിച്ചുകൊണ്ട് അവരങ്ങനെയൊരു ചര്യ സ്വയം സ്വീകരിക്കുകയായിരുന്നു. എന്നിട്ടോ, അത് പാലിക്കേണ്ടവണ്ണം പാലിക്കാൻ അവർക്കായതുമില്ല" (57:27). പ്രകൃതിയെ അടിച്ചമർത്തുമ്പോൾ അപ്രതീക്ഷിതമായ കോണുകളിലൂടെ അത് ഏറെ വികൃതമായും ആഭാസകരമായും പുറത്തേക്ക് തുറിച്ചുവരും. അതാണിപ്പോൾ ചില മഠങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്. ■